# മണ്ണൂക്കുന്ന് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ

മുളക്കുളം തെക്കേക്കര, പെരുവ, പെരുമ്പടവം, കുന്നപ്പിള്ളി മുതലായ പ്രദേശങ്ങളിലെ നസ്രാണികൾക്ക് സ്വതന്ത്രമായി ആരാധന നടത്തുന്നതിനുവേണ്ടി മുളക്കുളം വലിയപള്ളി വികാരിയായിരുന്ന പുത്തൂര് ബഹു.കുര്യൻ മർക്കോസ് അച്ചന്റെ ശ്രമഫലമായി 1885 ലാണ് ഈ ദേവാലയം സ്ഥാപിതമാകുന്നത്.

വി.ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയത്തിന്റെ കൂദാശ 1885 ജനുവരി 28-ാം തീയതി ഇടവക മെത്രാപ്പോലീത്ത അഭി. മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് തിരുമേനി നിർവ്വഹിച്ചു. മൂക്കഞ്ചേരിൽ അഭി. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി ശെമ്മാശപട്ടവും വൈദികപട്ടവും ഏറ്റത് ഈ ദേലാലയത്തിൽ വച്ചാണ്.

ഈ പള്ളിയുടെ പുനർനിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ച് 2006 നവംബർ 12 നായിരുന്നു. അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ടാണ് ശിലാസ്ഥാപനം നിർവ്വഹിച്ചത്. ഒന്നര വർഷം കൊണ്ട് പണി പൂർത്തികരിക്കുകയും, പരിശുദ്ധ കാതോലിക്ക മോറാൻ മാർ ബസേലിയോസ് മാർത്തോമ ദ്വിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായാൽ 2007 ജനുവരി 27-ാം തീയതി കൂദാശകർമ്മം നിർവ്വഹിച്ച് കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ ആദ്യ കത്തീഡ്രലായി ഉയർത്തുകയും ചെയ്തു.പള്ളിസ്ഥാപകനായ പുത്തൂര് കുര്യൻ മർക്കോസ് കത്തനാരുടെ സ്മാരകമായി ഈ ദേവാലയത്തോടനുബന്ധിച്ച് പാരിഷ് ഹാൾ നിർമ്മിച്ചിട്ടുണ്ട്. കത്തീഡ്രലിന്റെ കീഴിലുള്ള കുന്നപ്പിള്ളിയിൽ സെന്റ് മേരീസ് ചാപ്പലിൽ എല്ലാ ഞായാറാഴ്ചയും വി. കുർബാന അർപ്പിച്ചു വരുന്നു.

വികാരി: റവ. ഫാ.സി.എം. കുര്യാക്കോസ്